പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6475 08.11.2016-ൽ മറുപടിയ്ക്ക്

**അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ ടൂർണമെന്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഇന്ത്യ അടുത്ത വർഷം ആതിഥേയത്വം വഹിക്കുന്ന അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ ടൂർണമെന്റിന് കേരളം വേദിയാകുമ്പോൾ അതിന് വേണ്ടി ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (എ) അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ ടൂർണ്ണമെന്റിന്റെ ചില മത്സരങ്ങൾ ഫിഫ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മത്സരങ്ങൾ എറണാകുളം ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.<br>പ്രധാന വേദി കൂടാതെ ടീമുകൾക്ക് പരിശീലനത്തിനായി താഴെ പറയുന്ന നാല് ഗ്രൗണ്ടുകൾ കുടി തയ്യാറാക്കുന്നതാണ്.<br>1. മഹാരാജാസ് കോളേജ് ഗ്രൗണ്ട്<br>2. പനമ്പിള്ളി നഗർ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട്<br>3. ഫോർട്ട് കൊച്ചിൻ വേളി ഗ്രൗണ്ട്<br>4. പരേഡ് ഗ്രൗണ്ട് ഫോർട്ട് കൊച്ചിൻ |
| (ബി) ഇതുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്നതും ഏർപ്പെടുത്തേണ്ടതുമായ കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ? | (ബി) മത്സര നടത്തിപ്പിനായി സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും, കൊച്ചി നഗരം വൃത്തിയായി സൂക്ഷിക്കേണ്ടതും, പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതും, പൊതുജനങ്ങളിൽ മത്സരത്തെ പറ്റി അവബോധം വരുത്തുന്നതിന് ആവശ്യമായ പ്രചാരണവും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തേണ്ട കാര്യങ്ങളാണ്. |

Mani M

സെക്ഷൻ ഓഫീസർ